സൗജന്യമായ സംരംഭകത്വ വികസനപരിശീലനം നൽകിവരുന്നു. ഇതിനുപുറമെ ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലും പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽ റബ്ബർ അധിഷ്ടിതവും പ്ലാസ്റ്റിക് അധിഷ്ടിതവുമായ വ്യവസായങ്ങളിൽ സാങ്കേതിക പരിശീലനം നൽകിവരുന്നു. ഈ പരിശീലന പരിപാടികളിൽ സ്ത്രീകൾക്കും പങ്കെടുക്കാവുന്നതാണ്.

പീഡിതവ്യവസായങ്ങളുടെ പുനരുദ്ധാരണം

നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് പീഡിത വ്യവസായമായി അംഗീകരിക്കുകയും പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി അതിന്റെ ആനുകൂല്യം നൽകുകയും ചെയ്യുന്നു.

മന്ദബുദ്ധികളായിട്ടുള്ള കുട്ടികളുടെ പുനരധിവാസത്തിനുള്ള പദ്ധതി

121 (241) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ദബുദ്ധികളായിട്ടുള്ള കുട്ടികളുടെ പുനരധിവാസത്തിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) സർക്കാർ തലത്തിൽ ഇത്തരത്തിലുള്ള കുട്ടികളെ പാർപ്പിച്ച് പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എവിടെ എല്ലാമാണ് ;

(സി) ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ കുട്ടികളെ ചേർക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഗ്രാന്റോടു കൂടി സ്വകാര്യ മേഖലയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും സൗജന്യമായി പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) . മന്ദബുദ്ധികളായ കുട്ടികളുടെ വിദ്യാഭ്യാസം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി തിരുവനന്തപുരത്തും കോഴിക്കോട്ടും മലപ്പുറത്തും ഓരോ സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സന്നദ്ധസംഘടനകൾ നടത്തുന്ന 32 സ്ഥാപനങ്ങളും മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് അനുബന്ധം-1 ൽ)* സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിവർഷം 660 രൂപ നിരക്കിൽ സർക്കാർ സ്കോളർഷിപ്പ് നൽകി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(24000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിമാസം 60 രൂപ വീതം 10 മാസത്തേയ്ക്ക് 600 രൂപയും പാഠ്യോപകരണങ്ങൾക്കും മറ്റുമായി പ്രതിവർഷം 60 രൂപയും എന്ന കണക്കിലാണ് നൽകുന്നത്.) സർക്കാർ തലത്തിൽ ഇത്തരം കുട്ടികളെ താമസിപ്പിച്ച് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാൻഡിക്യാപ്ഡ്, തിരുവനന്തപുരം.
2. ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൺ, കോഴിക്കോട്.
3. കസ്റ്റോഡിയൽ കെയർഹോം ദി ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ, മഞ്ചേരി, മലപ്പുറം ജില്ല.

(സി) സർക്കാർ വക സ്ഥാപനങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെയോ രക്ഷാകർത്താക്കളുടെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ ഡോക്ടർമാർ ഉൾക്കൊള്ളുന്ന ഒരു സ്ക്രീനിംഗ് കമ്മിറ്റിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. 3600 രൂപവരെ വാർഷികവരുമാനമുള്ളവർക്ക് ഫീസ് സൗജന്യം കൊടുക്കുന്നു.

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്നില്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന 74 സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉണ്ട്. ലിസ്റ്റ് അനുബന്ധം II * ആയി വെച്ചിരിക്കുന്നു.

(ഇ) സർക്കാർ മേഖലയിൽ താഴെപറയുന്ന സ്ഥാപനങ്ങളാണ് ഉള്ളത്.

1. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാൻഡിക്യാപ്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം.
2. ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൺ, കോഴിക്കോട്.
3. കസ്റ്റോഡിയൽ കെയർഹോം ഫോർ ദി ഡിസ്ഏബിൾഡ് ചിൽഡ്രൻ, മഞ്ചേരി, മലപ്പുറം.

ഈ സ്ഥാപനങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 3600 രൂപയിൽ താഴെയാണെങ്കിൽ പരിശീലനം സൗജന്യമാണ്. കേന്ദ്രസർക്കാരിന്റെ ഗ്രാന്റോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും പരിശീലനം സൗജന്യമാണ്.

കയറുല്പന്നങ്ങളുടെ റിബേറ്റ്

122 (242) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly